# ഈസ്റ്റർ –
# പുതുജീവന്റെ ദിവ്യസ്രോതസ്സ്

**സരോജ വർഗീസ്, ന്യൂയോർക്ക്**



വിജയത്തിന്റേയും സന്തോഷത്തിന്റേയും സമാധാനത്തിന്റേയും മഹത്വദിനമായ ഈസ്റ്റർ സമാഗതമാകുന്നു. പ്രതിവർഷം വന്നിട്ടും വീണ്ടും എതിരേൽക്കാൻ മനുഷ്യരാശി ഉത്സാഹത്തോടെ ഈ സുദിനത്തിൽ തയ്യാറാകുന്നു. മറ്റ് വിശേഷങ്ങളേ അപേക്ഷിച്ച് ഈ ആഘോഷത്തിന്റെ പ്രത്യേകത ഇതിൽ പ്രക്രുതിയും പങ്ക് ചേരുന്നുവെന്നാണ്. താരും തളിരും അണിഞ്ഞ വ്രുക്ഷങ്ങൾ, പുഞ്ചിരിതൂകുന്ന പുതുപുഷ്പങ്ങൾ, വർണ്ണഭംഗിയുള്ള ചിത്രശലഭങ്ങൾ, നവചൈതന്യം പ്രഘോഷിക്കുന്ന കിളികളുടെ കളകൂജനങ്ങൾ എല്ലാം കൊണ്ടും പുനരുത്ഥാന സന്ദേശത്തിനു പ്രക്രുതിതന്നെ സജ്ജമായിക്കൊണ്ടിരിക്കുന്നു. യേശുവിന്റെ പുനരുത്ഥാനം പുതുജീവന്റേയും പുതുശക്തിയുടേയും ദിവ്യസ്രോതസ്സാണ്.

മറ്റൊരു പെരുന്നാളിനും ഇല്ലാത്ത ആവേശവും പുതുമയും ഈ പെരുന്നാളിൽ അനുഭവവേദ്യമാകുന്നത് ഇത് പ്രത്യാശയുടെ സന്ദേശം നൽകുന്നുവെന്നത് കൊണ്ടാണ്. യേശുക്രുസ്തുവിന്റെ ദൈവികശക്തിയുടെ ഏറ്റവും മഹത്തായ പ്രകടനമാണ് അവിടുത്തെ പുനരുത്ഥാനം. പൗരസ്ത്യ-ക്രൈസ്തവ പാരമ്പര്യത്തിലെ ഏറ്റവും വലിയ പെരുന്നാൾ, മോചനത്തിന്റേയും മോചിതരുടേയും പെരുന്നാൾ, മനുഷ്യരാശിയെ നശിപ്പിക്കാൻ ആഞ്ഞുവരുന്ന ദു:ശ്ശക്തികളുടെ മേൽ ദൈവത്തിന്റെ വിജയം പ്രഘോഷികുന്ന പെരുന്നാൾ.

യേശുദേവന്റെ പുനരുത്ഥാനം മരണത്തിനും ജീവിതത്തിനും ഒരു പുതിയ മാനം നൽകുന്നു. ആ പുനരുത്ഥാനം തുറന്നു തരുന്ന പ്രകാശ കവാടം വിശുദ്ധിയുടേയും സ്നേഹത്തിന്റേയും ത്യാഗത്തിന്റേയും പുതുജീവന്റേയും ലോകത്തിലേക്ക് മനുഷ്യനെ നയിക്കുന്നു. പ്രതിവർഷം ഈ വിശേഷം ആഘോഷിക്കുന്ന ഭക്തരായ ജനങ്ങളാൽ ഭൂമി പുണ്യം നേടുകയാണ്. അപ്പോൾ അസുര ശക്തികൾ ഈശ്വരചൈതന്യത്തിന്റെ മുന്നിൽ ക്ഷയിച്ച് പോകുന്നു.

അസ്വസ്ഥതയുടേയും അശാന്തിയുടേയും കാർമേഘപടലങ്ങൾ ഉരുണ്ടുകൂടുന്ന ഇന്നത്തെ ലോകത്തിൽ, മനുഷ്യഹ്രുദയങ്ങളിൽ ഭയവും സംഘർഷവും മുറ്റിനിൽക്കുന്ന ചുറ്റുപാടിൽ സമാധാനോത്സവമായ ഉയർപ്പ് പെരുന്നാളിനു വളരെ പ്രശക്തിയുണ്ട്. ഉത്ഥിതനായ യേശു ആദ്യം അരുളിചെയ്തത് “നിങ്ങൾക്ക് സമാധാനം” എന്നാണ്. യേശുദേവന്റെ അവതാര ലക്ഷ്യം ദൈവവും മനുഷ്യനും തമ്മിലും മനുഷ്യരെ അന്യോന്യവും സമാധാനം സ്ഥാപിക്കുവാനായിരുന്നു. ആ ദൗത്യം തന്റെ പുനരുത്ഥാനത്തിൽ പൂർത്തീകരിക്കപ്പെട്ടു. യേശുദേവൻ, മനുഷ്യർ തമ്മിലുള്ള മതിൽക്കെട്ടുകൾ ഇടിച്ച്കളഞ്ഞ് ഒരു പുതിയ സമൂഹത്തെ സ്രുഷ്ടിക്കുകയായിരുന്നു.

നിരാശയും പരാജയബോധവും നടമാടുമ്പോൾ അന്ധകാരശക്തികളുടെ മുന്നേറ്റത്തിൽ മനം മടുത്ത് തളർന്ന് പോകുമ്പോൾ, ഉയിർപ്പ് പ്രഖ്യാപിക്കുന്നത്, അത്യന്തികമായി നന്മ വിജയിക്കുമെന്നും അന്ധകാരത്തെ പ്രകാശം കീഴടക്കുമെന്നാണ്.

ക്രുസ്തുരക്ഷകനാണെന്ന് അധരം കൊണ്ട് ഏറ്റു പറയുകയും ദൈവം അവനെ ഉയിർപ്പിച്ചു എന്ന് ഹ്രുദയത്തിൽ വിശ്വസിക്കുകയും ചെയാൽ നീ രക്ഷ പ്രാപിക്കും (റോമ 10:10) കർത്താവിൻെറ രക്ഷാദായക പുനരുത്ഥാനം പ്രഘോഷിക്കുക എന്നത് ക്രൈസ്തവധർമ്മമാണു്.

“എൻെറ കർത്താവും എൻെറ ദൈവവുമേ” എന്ന് ഉത്ഥിതനായ ക്രുസ്തുവിനെ സംബോധന ചെയ്ത മർത്തോമോ ശ്ലീഹയ്ക്ക് അനുഭവവേദ്യമായ ശാന്തിയും സമാധാനവും സാന്ത്വനവും ഈ ഉയിർപ്പ് പെരുന്നാളിൽ ഓരോ വിശ്വാസിയുടേയും പ്രത്യാശ ആയിരിക്കട്ടെ !

ഏവർക്കും ആനന്ദപൂർണ്ണമായ ഈസ്റ്റർ ആശംസകൾ .

“അസതോ മാ സത്ഗമയാ
തമസ്സോമാ ജ്യോതിർഗമയാ
മ്രുത്യോർ മ അമ്രുതം ഗമയാ“.